# ജീവിക്കുന്നതിലും നല്ലതാണ് ജീവപര്യന്തം

എൻ.എൻ അബ്ദുൽ ഗഫൂർ, ദുബൈ

ജീവിക്കുന്നതിലും നല്ലത്
ജീവപര്യന്തമാണ്, തീർച്ച
അതാകുമ്പോൾ
ഈ പങ്കപ്പാടൊന്നുമില്ല
കാലത്തുണരേണ്ട
കുളിച്ചൊരുങ്ങേണ്ട
പഴങ്കഞ്ഞി മോന്തേണ്ട
തൂമ്പയും മൺകോരിയുമെടുത്ത്
ആരാന്റെ വളപ്പു കിളക്കാൻ പോകേണ്ട
അരിയും ചിലവാനവും വാങ്ങാൻ
മാവേലിയിൽ ക്യൂ നിൽക്കേണ്ട
കരണ്ടു ബില്ല് കണ്ട് ഷോക്കേൽക്കേണ്ട
പേമാരിയിൽ നനഞ്ഞു വിറക്കേണ്ട
മീനവെയിലിൽ വിയർത്തൊലിക്കേണ്ട
ഗ്യാസിനും ബസ് ചാർജിനും
അതിവേഗപാതക്കുമെതിരെ
സമരം ചെയ്ത് വശം കെടേണ്ട
പകരം മയത്തിൽ വൈകിയുണർന്ന്
മൃഷ്ടാന്നം ഭുജിച്ച്
സ്മാർട്ട് ഫോണിൽ ഇഷ്ടപ്പെട്ടവരോട് സൊറ പറഞ്ഞ്
ഫെയ്സ് ബുക്കിൽ പോസ്റ്റിട്ട്
കൂടെ നിന്ന് ഫോട്ടോയെടുത്ത്
അങ്ങനെ..... അങ്ങനെ.....!
പറഞ്ഞില്ലേ.....
ജീവിക്കാനേ പ്രയാസമുള്ളൂ!
'ജീവപര്യന്ത'മെന്തു സുഖപ്രദം! ■



അരുൺ ഗാന്ധിഗ്രാം

# ശിവകാശിപ്പടക്കങ്ങൾ



സ്നേഹിതാ,
വെടിമരുന്നു പുരകളിൽ
വിശപ്പാറ്റലിന്റെ
ത്രികോണങ്ങളും
വൃത്തങ്ങളും
രേഖകളും വരച്ചു പഠിക്കുന്ന
ഉണ്ണികളെ കണ്ടിട്ടുണ്ടോ?

ഇവിടെ വരൂ
ഈ ശിവകാശിയിൽ...

ഇവിടെയുമുണ്ട്
നിനക്കുള്ളതുപോലെ
കുറെയുണ്ണികൾ
അഞ്ചു വയസ്സിന്റെ
കൈവഴക്കവും, വിരൽച്ചെറുപ്പവും
കടലാസു ചുരുളുകളിലും
ഓലച്ചീന്തുകളിലും
നിറച്ചു ജീവിക്കുന്നവർ

നിന്റെ ഉണ്ണിയെ ശ്വാസം മുട്ടിച്ച
അതേ ഗന്ധം
അന്നത്തിന്റെ ഗന്ധമായി
കരുതുന്നവർ.

പണമെന്നാൽ ഇവർക്ക്
വെടിമരുന്നുശാലയിലെ
ജോലിക്കിടയിലെ
മിന്നൽ ഇടവേളകളിൽ
വാരിവലിച്ചു കഴിക്കുന്ന
തൈരുസാദത്തിനു
മാത്രം തികയുന്ന തുട്ടുകൾ.

സമ്പാദ്യമെന്നാൽ
കത്തിത്തീർന്ന
ഒരു പൂത്തിരി.

ജീവിതമെന്നാൽ
ആരോ മുറുക്കാതെ കെട്ടിയ
ഓലച്ചീന്തുകൾ ചിതറി
വെറുതേ ചീറ്റിപ്പോയ
ഒരു ശിവകാശിപ്പടക്കം

സ്നേഹിതാ,
നീ നിന്റെ ഉണ്ണിക്ക്
എത്രാമത്തെ വയസ്സിലാണ്
പൊട്ടിക്കാൻ ഏറു പടക്കം കൊടു
ത്തത്?
പത്ത്?
പന്ത്രണ്ട്?
പതിനഞ്ച്? ■